കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മൂന്നിയൂർ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.15/2084/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
മലപ്പുറം

തിയ്യതി 08/10/2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മൂന്നിയൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മൂന്നിയൂർ ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*************************************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in/esubmission ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഇ-മെയിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം.

4)കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ.എം.പി.എം.15/2084/2018 തിയ്യതി: 08/10/2018

# മലപ്പുറം ജില്ലയിലെ മൂന്നിയൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ മൂന്നിയൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 27.06.2017 മുതൽ 30.06.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ എസ് ഷാജഹാൻ , ഡെപ്യൂട്ടി ഡയറക്ടർ

---------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 19-07.2018 മുതൽ 02.08.2018 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. സുരേഷ് പി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. ദിനേശൻ എം | ഓഡിറ്റ് ഓഫീസർ |
| ശ്രീ. സിന്ധു ഐ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി കുട്ടശ്ശേരി ഷരീഫ | 01.04.2017 മുതൽ 31.03.2018വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. നാരായണൻ എം | 01.04.2017 മുതൽ 15.06.2017 വരെ |
| ശ്രീ. പ്രഭാകരൻ കെ<br>(സെക്രട്ടറിയുടെ അധികചുമതല) | 16.06.2017 മുതൽ 20.06.2017 വരെ |
| ശ്രീമതി ജയശ്രീ സി.എൻ | 21.06.2017 മുതൽ 09.08.2017 വരെ |
| ശ്രീമതി നാസില സി.എ | 10.08.2017 മുതൽ 17.08.2017 വരെ |

| | |
|---|---|
| (സെക്രട്ടറിയുടെ അധിക ചുമതല) | |
| ശ്രീമതി ബേബി സരോജം ഡി | 18.08.2017 മുതൽ 31.03.2018 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. പ്രഭാകരൻ | 01.04.2017 മുതൽ 20.06.2017 വരെ |
| | ശ്രീമതി നാസില സി.എ | 21.06.2017 മുതൽ 31.03.2018 വരെ |
| അസി. എഞ്ചിനിയർ | ശ്രീ.നന്ദകുമാർ പി | 01.04.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി സുജിഷ | 01.04.2017 മുതൽ 11.10.2017 വരെ |
| | ശ്രീ. അഖിൽ | 12.10.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി സഫീറ സി.പി | 01.04.2017 മുതൽ 01.08.2017 വരെ |
| | ശ്രീമതി. ഷൈലജ പി.വി | 02.08.2017 മുതൽ 10.11.2017 വരെ |
| | ശ്രീമതി ഗിരിജ എം | 11.11.2017 മുതൽ 31.03.2018 വരെ |
| വെറ്റിനറി സർജൻ | ഡോ. ഐസക് ജോർജ്ജ് | 01.04.2017 മുതൽ 30.06.2017 വരെ |
| | ഡോ.രമ്യ രവീന്ദ്രൻ | 01.07.2017 മുതൽ 14.07.2017 വരെ |
| | ഡോ. ജോജ്ജ ജോണസ് | 15.07.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. റജീന ഒ | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ മോഹൻകുമാർ ടി വി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ.ഈസ അരീക്കാടൻ (പി.എച്ച്.സി) | 01.04.2017 മുതൽ 31.03.2018വരെ |
| | ഡോ.കെ.സുശീല (ആയുർവേദം) | 01.04.2017മുതൽ 31.03.2018 വരെ |

ഉള്ളടക്കം

| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| | ഭാഗം I | | |

| | | | |
|---|---|---|---|
| ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തൊഴിലുറപ്പ പദ്ധതി | 1-7 | |
| 8 | സാമൂഹ്യ ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷികകണക്കിലെ അപാകതകൾ | 1-12 | |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 13 | തൊഴിൽനികുതി അപാകതകൾ | 2-1 | |
| 14 | ഡി ആൻഡ് ഒ ലൈസൻസ് അപാകതകൾ | 2-2 | |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 15 | പത്താംക്ലാസ് തുല്യതാപരീക്ഷ വിനിയോഗവിവരം ലഭിച്ചില്ല | 3-1 | |
| 16 | 8,9,10 ക്ലാസുകളിലെ എസ്.സി വിദ്യാർത്ഥിനികൾക്ക് സൈക്കിൾ വിതരണം അപാകതകൾ | 3-2 | |
| 17 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) മരുന്നുകൾ ലഭിച്ചില്ല | 3-3 | |
| 18 | പരിരക്ഷ – പാലിയേറ്റീവ് പ്രവർത്തനം അപാകതകൾ | 3-4 | |
| 19 | വിനിയോഗവിവരം ലഭ്യമാക്കിയില്ല | 3-5 | |
| 20 | ടാക്സ് ഇൻവോയ്സ് ഹാജരാക്കിയില്ല | 3-6 | |
| 21 | ആശ്രയ പദ്ധതി – ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മിറ്റിയുടെ പ്രവർത്തനം തൃപ്തികരമല്ല | 3-7 | |
| 22 | മെഡിക്കൽ ഓഫീസർ (ആയുർവേദം) മരുന്ന് ലഭിക്കാൻ അവശേഷിക്കുന്നു | 3-8 | |
| 23 | പൊതുമരാമത്ത് പ്രൊജക്ടുകളുടെ രൂപീകരണവും മോണിറ്ററിംങും വിലയിരുത്തൽ | 3-9 | |
| 24 | കളിയാട്ടുമുക്ക്-കുന്നത്ത്പറമ്പ് റോഡ്- യോഗ്യമായ നിർവഹണരീതി തെരഞ്ഞെടുക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം വന്നു | 3-10 | |
| 25 | തയ്യിലക്കടവ് അങ്കണവാടി നിർമ്മാണം പ്രവൃത്തിസ്ഥലം കൈമാറുന്നതിൽ കാലതാമസം | 3-11 | |

| | | | |
|---|---|---|---|
| 26 | ഓഡിറ്റ് പരാമർശത്തെതുടർന്ന് 45,074/- രൂപ തിരിച്ചടച്ചു | 3-12 | |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | | |
| 27 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 28 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 30 | വായ്പ . വായ്പ തിരിച്ചടവ് | 4-4 | |
| 31 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 32 | ഓഡിറ്റ് റിക്കവറി | 4-6 | |
| 33 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 34 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 | |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |
| അനുബന്ധം | | | |
| 37 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 | |
| 38 | ധനകാര്യ പത്രികകൾ | | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 14.03.2017 ലെ 4-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് പാസാക്കിയിട്ടുണ്ട്. 19.03.2018 ലെ 1-ാം നമ്പർ തീരുമാനമനുസരിച്ച് പുതുക്കിയ ബജറ്റും അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി |
|---|---|---|
| 2017-18 | 31.07.2018 | 13.06.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ, തിയതി |
|---|---|---|
| 2017-18 | 13.06.2018 മുതൽ 14.06.2018 വരെ | കെ.എസ്.എ.എം.പി.എം.15/1724/2018 തീയതി 04.07.2018 |

## 1-4 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 2,19,41,297.85 |
| വരവ് | 9,35,62,695.00 |
| ആകെ | 11,55,03,992.85 |
| ചെലവ് | 7,02,43,919.00 |
| നീക്കിയിരിപ്പ് | 4,52,60,073.85 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | | 21347000 | 21347000 | 16202831 | 5144169 |
| വികസനഫണ്ട് എസ്.സി.പി | | 7495000 | 7495000 | 5847525 | 1647475 |
| വികസനഫണ്ട് ടി.എസ്.പി | | 18000 | 18000 | 15881 | 2119 |
| മെയിന്റനൻസ് റോഡ് | | 5999000 | 5999000 | 5654560 | 344440 |
| മെയിന്റനൻസ് നോൺ റോഡ് | | 4852000 | 4852000 | 4615850 | 236150 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | | 10025786 | 10025786 | 8074181 | 1951605 |
| കെ.എൽ.എസ്.ജി.ഡി.പി | | 3832909 | 3832909 | 3713513 | 119396 |
| ബി ഫണ്ട് | | 62744900 | 62744900 | 62744900 | |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | 13793438 | 17228000 | 31021438 | 5994380 | 25027058 |
| എസ്.ബി.ടി സാക്ഷരത | 832 | 33 | 865 | -- | 865 |
| എസ്.ബി.ടി ഡിസ്ട്രസ് റിലീഫ് ഫണ്ട് | 14743 | 590 | 15333 | -- | 15333 |
| എ.എൻ.ആർ.ഇ.ജി.എസ്. ഭരണ ചെലവ് | 7675 | 1991007 | 1998682 | 1980815 | 17867 |
| തൊഴിലാളികളുടെ കൂലി | | 11459515 | 11459515 | 11459515 | |
| എസ്.ബി.ഐ ഇ-പേമെന്റ് | 3540 | 34309 | 37849 | 649 | 37200 |
| ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ ബ്ലോക്ക് | 7266 | 14828339 | 14835605 | 8948072 | 5887533 |
| ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ ജില്ലാ പഞ്ചായത്ത് | - | - | - | - | - |
| എസ്.ബി.ഐ പെൻഷൻ | 773675 | 28818 | 802493 | 148 | 802345 |
| എസ്.ബി.ഐ (എസ്.ജി.ആർ.വൈ) | 17968 | 850 | 18818 | 181 | 18637 |
| തനത് ഫണ്ട് – എസ്.ബി.ഐ ഇ-സാന്റ് | 1492359 | -- | 1492359 | 649 | 1491710 |

| | | | | | |
|---|---|---|---|---|---|
| എസ്.ബി.ഐ ടി.എസ്.സി | 177504 | 8402 | 185906 | 1790 | 184116 |
| തനത് ഫണ്ട് | 4148345.85 | 18165281 | 22313626.85 | 12010586 | 1030304.85 |
| എസ്.ബി.ഐ ജലനിധി | 1099820 | 1706360 | 2806180 | 1331811 | 1474369 |

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ % |
|---|---|---|---|---|---|---|
| 237 | 100460415 | 144 | 58349722 | 1 | 92 | 60.75 |

## 1-7 തൊഴിലുറപ്പപദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 7675 | 1991007 | 1998682 | 1980815 | 17867 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | -- | 11459515 | 11459515 | 11459515 | -- |

## 1-8 സാമൂഹ്യക്ഷേമ പെൻഷനുകൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 29400 | 56 |
| കർഷകതൊഴിലാളി പെൻഷൻ | 3409500 | 311 |
| വിധവാ പെൻഷൻ | 20447000 | 1721 |
| വാർദ്ധക്യകാല പെൻഷൻ | 30872000 | 2467 |
| വികലാംഗപെൻഷൻ | 6960400 | 572 |
| വിവാഹധനസഹായം | 330000 | 08 |
| 50 വയസ് മുകളിലുള്ളവർക്ക് സഹായം | 626600 | 69 |

## 1-9 കാഷ് ബാലൻസ് പരിശോധന

1994 ലെ ലോക്കൽഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.07.2018 ന് സ്ഥാപന മേധാവിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 21,438/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

1. ഭരണസമിതിയും സ്റ്റാന്റിംങ് കമ്മിറ്റികളും യഥാസമയം യോഗം ചേരുകയും തീരുമാനങ്ങൾ മിനുട്സിൽ

രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റികളിൽ നിർവഹണോദ്യോഗസ്ഥന്റെ സാന്നിധ്യം കാണുന്നില്ല.
2. ജീവനക്കാരുടെ സേവനപുസ്തകങ്ങൾ പരിപാലിക്കപ്പെടുന്നുണ്ട്.
3. ഫ്രണ്ട് ഓഫീസ് ഡയറി എഴുതി സൂക്ഷിക്കുന്നുണ്ട് എങ്കിലും അവയുടെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല
4. നിർവഹണോദ്യോഗസ്ഥർ TR7A കാഷ് ബുക്ക് സൂക്ഷിക്കുന്നുണ്ട്. എന്നാൽ സബ്സിഡിയറി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
5. ജീവനക്കാരുടെയും പഞ്ചായത്ത് മെമ്പർമാരുടെയും അക്വിറ്റൻസ് രജിസ്റ്ററിൽ തിയതി വെച്ച് ഒപ്പ് രേഖപ്പെടുത്തുന്നില്ല.
6. പരസ്യനികുതിയുൾപ്പെടെയുള്ള പുതിയ നികുതി സ്രോതസ്സുകൾ കണ്ടെത്തുന്നതിനുള്ള നടപടികൾ ഉണ്ടായിട്ടില്ല.
7. 1994-95 മുതലുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ നടപടികൾ സ്വീകരിക്കാത്തതിനാൽ തീർപ്പാക്കാൻ അവശേഷിക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.07.2018 | ജൂൺ 2018 | 11.07.2018 |
| എ.ജി ഓഡിറ്റ് | 03.07.2006 മുതൽ 15.07.2006 വരെ | 1997-98 മുതൽ 2005-06 വരെ | 28.08.2006 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽനികുതി അപാകതകൾ

2017-18വർഷത്തെ തൊഴിൽനികുതി ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1.ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| ക്രമ നം. | സ്ഥാപനത്തിൻെറ പേര് | ജീവനക്കാരൻെറ പേര് | അർധ വർഷം |
|---|---|---|---|
| 1 | മുന്നിയൂർ ഹൈസ്കൂൾ | 1.മഞ്ജു.കെ.എ).H.S.A<br>2.ശ്രീ.അഫ്സൽ റായീസ്.P.T.Teacher<br>5.ശ്രീമുഹമ്മദ്.കെ H.S.A | II<br>I(നിയമനാംഗീകാരം കിട്ടിയത് എന്നാണെന്ന് വ്യക്തമല്ല)<br>I(നിയമനാംഗീകാരം കിട്ടിയത് എന്നാണെന്ന് വ്യക്തമല്ല) |

| | | | |
|---|---|---|---|
| | | 6.ശ്രീമതി.ശുഭ.കെH.S.A | I(നിയമനാംഗീകാരം കിട്ടിയത് എന്നാണെന്ന് വ്യക്തമല്ല) |
| 2. | സബ് പോസ്റ്റ് ഓഫീസ്,മുന്നിയൂർ | ശ്രീ.ശ്രീനിവാസൻ,GDSMC | I,II |
| 3. | വി.ജെ.പള്ളി എ.എം.യു.പി.സ്കൂൾ,വെളിമുക്ക് സൗത്ത് | ശ്രീമതി.ഫാഹിദ L.P.S.A | II |

2.വെളിമുക്ക് സർവ്വീസ് സഹകരണ ബാങ്കിലെ ബിൽ കലക്ടർമാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

പ്രസ്തുത അപാകതകൾ ഓഡിറ്റ് എൻക്വയറി(നം.4/27.7.2018)മുഖേന അറിയിച്ചിട്ടുണ്ട്.ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

## 2-2 ഡി ആന്റ് ഒ ലൈസൻസ് അപാകതകൾ

1.വസ്തു നികുതി നിർണ്ണയിക്കുന്നതിനുള്ള സഞ്ചയ സോഫ്റ്റ്‌വെയറിലെ അസസ്സ്മെന്റ് വിവരങ്ങൾ പരിശോധിച്ചതിൽ പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി മാത്രം ഉപയോഗിക്കുന്ന 3903 കെട്ടിടങ്ങൾ നിലവിലുള്ളതായി കണ്ടെത്തി.

3903 കെട്ടിടങ്ങളിൽ 2017-18 വർഷത്തിൽ ഡി&ഒ ലൈസൻസെടുത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഡി ആന്റ് ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പ്രകാരം 579 എണ്ണം മാത്രമാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യമോ ഉണ്ടാകുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്.മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് പുതുക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താതെ അപേക്ഷ നല്കുന്നവർക്ക് ലൈസൻസ് അനുവദിക്കുന്ന രീതിയാണ് പിന്തുടരുന്നത്.കച്ചവടക്കാരുടെ തൊഴിൽ നികുതി ഇനത്തിലും പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്.

2. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്ന് ഡി&ഒ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

3.ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

4.വിറ്റുവരവ് അനുസരിച്ച് ലൈസൻസ് ഫീസ് ഈടാക്കി യില്ല.

| ക്രമ | വാർഡ് നം/പേര് | ദിവസേനയുള്ള | ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| നം. | | ശരാശരി വിറ്റു വരവ് | | | |
| 1 | 10/കെ.കെ.സൈതലവി | 20,000 | 300 | 500 | 200 |
| 2 | VII/377A അബ്ദുൾ കരീം .പി.കെ | 20,000 | 300 | 500 | 200 |
| 3 | VII/544അബ്ദുൾ കരീം.പി.കെ | 40,000 | 300 | 1000 | 700 |
| | ആകെ | | | | 1100 |

ലൈസൻസ് ഫീസിനത്തിൽ കുറവ് വന്ന തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

5.അപേക്ഷയിലുള്ള വിറ്റു വരവ് പരിശോധിച്ച് ഉറപ്പു വരുത്താതെ വലിയ കച്ചവട സ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കി.ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം/സ്ഥാപനം | ഈടാക്കിയ ലൈസൻസ് ഫീസ് | ലൈസൻസ് നമ്പർ |
|---|---|---|---|
| 1 | 3/361Cചേളാരി ട്രേഡിംഗ്സ്(ഗ്ലാസ്സ്&പ്ലൈവുഡ്) | 100 | A3/1513/17 |
| 2 | 4/173മോഹന ജ്വല്ലറി | 200 | A3/1517/17 |
| 3 | 4/മഹിമ ടെക്സ്റ്റൈൽസ് | 200 | A3/1529/17 |
| 4 | 3/595,597മഹിമ ബേക്കറി | 100 | A3/1534/17 |
| 5 | 1V/733ചേളാരി സ്റ്റീൽ വേൾഡ് | 100 | A3/1557/17 |
| 6 | 3/114---ടി-- | 100 | A3/1558/17 |
| 7 | 7/204 ഗ്രാൻഡ് ട്രേഡേഴ്സ് | 1000 | A3/1620/17 |
| 8 | 20/111-ടി- | 300 | A3/1621/17 |
| 9 | 7/650 -ടി- | 1000 | A3/1624/17 |
| 10 | 6/571 മാർബിൾ&ഗ്രാനൈറ്റ് | 500 | A3/6922/17 |
| 11 | 6/367 കോഹിനൂർ ജ്വല്ലേഴ്സ് | 1000 | A3/1242/17 |
| 12 | 9/538 സംഗം ട്രേഡേഴ്സ് | 200 | A3/2809/17 |

പ്രസ്തുത അപാകത ഓഡിറ്റ് എൻക്വയറി 5/28.7.2018പ്രകാരം അറിയിച്ചിട്ടുണ്ട്.പരാമർശം 2,3,4 എന്നിവ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിൻെറ നികുതി, ഫീസ് എന്നിവയുടെ പിരിവ് കാര്യക്ഷമമാക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി സത്വര ശ്രദ്ധ ചെലുത്തേണ്ടതാണ്

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പത്താംതരം പ്ലസ് വൺ തുല്യത പരീക്ഷ-വിനിയോഗ്യ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പത്താംതരം പ്ലസ് വൺ തുല്യത പരീക്ഷാഫീസ് അടവാക്കൽ എന്ന പ്രോജക്ടിൽ(നം.S00195/18)സാക്ഷരതാ മിഷന് 73,500/-രൂപ(ബിൽ നം.03/17-18തീയതി:17.1.2018) നല്കിയിട്ടുണ്ട്.എന്നാൽ പ്രസ്തുത തുകയുടെ കൈപ്പറ്റ് രശീതി ,വിനിയോഗ സാക്ഷ്യ പത്രം എന്നിവ പരിശോധനയ്ക്ക്

ലഭ്യമാക്കിയിട്ടില്ല.42വിദ്യാർത്ഥികളുടെ ഫീസ് അടവാക്കിയതിൽ പരീക്ഷ എഴുതിയവരുടെ വിവരവും ലഭ്യമല്ല(എൻക്വയറി നം.2/23.7.218).രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതു വരെ 73,500/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 3-2 8,9,10 ക്ലാസ്സിലെ പട്ടിക ജാതി വിദ്യാർത്ഥിനികൾക്ക് സൈക്കിൾ വിതരണം- അപാകതകൾ

പ്രോജക്ട് നം.S0205/18

അടങ്കൽ :1,25,000/-(SCP)

ചെലവ് :1,05,400/-

ബിൽ നം.15/17-18തീയതി:21.3.2018:1,05,400/-

പ്രസ്തുത പ്രോജക്ടിൽ അസ്സിൽ സൈക്കിൾ ട്രേഡേർസ്,കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്ന് ടെണ്ടർ മുഖേന സൈക്കിൾ വാങ്ങി 17 പേർക്ക് വിതരണം ചെയ്തതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

i.സ്കൂൾഅധികൃതർ മുഖേനയല്ല വിതരണം ചെയ്തിട്ടുള്ളത്.

ii.അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | വിദ്യാർത്ഥിനിയുടെ പേര് | ഹാജരാക്കാത്ത രേഖ |
|---|---|---|
| 1 | ദിവ്യദാസ് | സ്കൂൾ സാക്ഷ്യ പത്രം ഇല്ല |
| 2 | കൃഷ്ണപ്രിയ | ജാതി സർട്ടിഫിക്കറ്റ് ഇല്ല |

പ്രസ്തുത അപാകത ഓഡിറ്റ് എൻക്വയറി(2/23.7.2018)പ്രകാരം അറിയിച്ചിട്ടുണ്ട്.ലഭ്യമാക്കിയ മറുപടിയിൽ രേഖകൾ ഹാജരാക്കുന്നതാണെന്നും സൗകര്യം കണക്കാക്കിയാണ് പഞ്ചായത്തിൽ വെച്ച് വിതരണം നടത്തിയിട്ടുള്ളതെന്നും അറിയിച്ചിട്ടുണ്ട്. രേഖകൾ ഹാജരാക്കുന്നതു വരെ 12,400/-രൂപ(2x6200)രൂപ തടസ്സം ചെയ്യുന്നു.

## 3-3 മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) മരുന്നുകൾ ലഭിച്ചിട്ടില്ല.

2017-18 വർഷം മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകളിൽ മരുന്ന് ലഭിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് മുൻകൂർ നല്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ | ബിൽ നം.&തീയതി | തുക |
|---|---|---|---|
| 1. | S0064/18 പി.എച്ച്സിക്ക് മരുന്ന് വാങ്ങൽ | 1/17-18 :23.12.2017 | 50,000/- |
| 2. | S0059/18 പരിരക്ഷ മരുന്ന് വാങ്ങൽ | 6/17-18:19.2.2018 | 1,14,000/- |
| | ആകെ | | 1,64,000/- |

മേല്പറഞ്ഞ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുക്കുന്നതു വരെ 1,64,000/-രൂപ തടസ്സംചെയ്യുന്നു.മരുന്നുകൾ യഥാസമയം ലഭിക്കുന്നതിന് ആരോഗ്യവിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 പരിരക്ഷ-പാലിയേറ്റീവ് പ്രവർത്തനം- അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

പ്രോക്ട് നം.S0059/18

അടങ്കൽ :5,00,000/-(വികസന ഫണ്ട്)

:50,000/-(തനത് ഫണ്ട്)

:1,00,000/-(ബ്ലോക്ക് വിഹിതം

ആകെ :6,50,000/-

ചെലവ് :4,99,916/-(വികസന ഫണ്ട്)

17,000/-(തനത് ഫണ്ട്)

ആകെ :5,16,916/-

1.ബിൽ നം.02/17-18 തീയതി:20.1.2018:1,75,855/-

2.ബിൽ നം.04/17-18 തീയതി:19.2.2018:1,03,000/-

3.ബിൽ നം.06/17-18 തീയതി:19.2.2018:1,14,000/-

4.ട്രഷറി ചെക്ക് നം.2673515തീയതി:26.3.2018:17,000/-

5.ബിൽ നം.07/17-18 തീയതി:17.3.2018:44,151/-

6.ബിൽ നം.08/17-18 തീയതി:26.3.2018:62,910/-

പാലിയേറ്റീവ് പരിചരണത്തിനായി 29-10-2015- ന് സ.ഉ(ആർ.ടി) 3217/15/ത.സ്വ.ഭ.വ എന്ന നമ്പരിൽ സർക്കാർ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി. മേൽ ഉത്തരവിലെ പല നിർദ്ദേശങ്ങളും പ്രോജക്റ്റ് നമ്പർ S00116/2018 "പരിരക്ഷ" പദ്ധതിയിൽ പാലിച്ചിട്ടില്ലെന്ന് കാണുന്നു. പദ്ധതി നിർവഹണത്തിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. പാലിയേറ്റീവ് കെയർ പ്രോജക്റ്റിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനുമായി ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി ഓരോ സാമ്പത്തിക വർഷാരംഭത്തിന് മുമ്പും ഗ്രാമ പഞ്ചായത്ത് രൂപീകരിക്കേണ്ടതും ഓരോ മാസത്തെയും പ്രതിമാസ പ്രവർത്തന അവലോകന റിപ്പോർട്ടും വരവ് ചെലവ് കണക്കും ഈ യോഗത്തിൽ രേഖാമൂലം അവതരിപ്പിക്കേണ്ടതും യോഗം അത് വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. ഇപ്രകാരം ചെയ്തതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

2. പി.ഐ.സി മിനുട്സ് ബുക്ക്, ഹാജർ എന്നിവപരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

4. മാർഗ്ഗരേഖ 2.6.3 ഉപ ഭാഗം(6)പ്രകാരം ഓരോ ദിവസത്തെയും ഹോംകെയർ നടന്നു കഴിഞ്ഞാൽ തൊട്ടടുത്ത ദിവസം ഗൃഹസന്ദർശന വിവരങ്ങൾ രേഖപ്പെടുത്തിയ അനുബന്ധം 3പ്രകാരമുള്ള ഫോറവും ഹോംകെയർ റിപ്പോർട്ട് ബുക്കും പാലിയേറ്റീവ് കെയർ നേഴ്സ് മെഡിക്കൽ ഓഫീസർക്ക് സമർപ്പിച്ച് ഒപ്പ് വാങ്ങിക്കേണ്ടതാണ്. എന്നാൽ ഹോംകെയർ റിപ്പോർട്ട് ബുക്കിൽ നാളിതു വരെ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തലുകൾ നടത്തിയിട്ടില്ല.

5. മാർഗ്ഗരേഖ 2.5 പ്രാഥമിക പാലിയേറ്റീവ് സേവനം ലഭ്യമാക്കേണ്ടവരുടെ രജിസ്ട്രേഷൻ - ഉപ ഭാഗം 2.5.6 പ്രകാരം *"ഈ ഉത്തരവ് പ്രസിദ്ധീകരിച്ച് 60 ദിവസത്തിനകം നോമിനൽ രജിസ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേരുവിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. തുടർന്ന് രജിസ്റ്ററിൽ കാലാകാലങ്ങളിൽ വരുന്ന കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും അനുസരിച്ച് അതാത് സമയത്ത് വെബ്സൈറ്റിലുള്ള ലിസ്ററിലും മാറ്റം വരുത്തേണ്ടതാണ്. വെബ്സൈറ്റിൽ ലിസ്ററ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്ന് ഈ ഉത്തരവ് പ്രസിദ്ധീകരിച്ച് 60 ദിവസത്തിനു ശേഷം തുക ചിലവഴിക്കാൻ പാടില്ല." ആയത് പാലിച്ചിട്ടില്ല.*

*6.* മാർഗ്ഗരേഖ 2.6.3-(7) പ്രകാരം *ഓരോ ദിവസവും ഗൃഹസന്ദർശനം നടന്നു കഴിഞ്ഞാൽ അന്നുതന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ അനുബന്ധം 3 നെ അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ റിപ്പോർട്ട് പാലിയേറ്റീവ് കെയർ നഴ്സ് കംപ്യൂട്ടർ സോഫ്റ്റ്‌വെയർ മുഖേന അപ്‌ലോഡ് ചെയ്യേണ്ടതാണ്. അതിനാവശ്യമായ ഓൺലൈൻ സംവിധാനം ഐ.കെ.എം ലഭ്യമാക്കുന്നതാണ്. എന്നാൽ ഈ നിർദേശവുമായി ബന്ധപ്പെട്ട തുടർ നടപടി പരിശോധിക്കാൻ യുക്തമായ രേഖകൾ ഹാജറാക്കിയിട്ടില്ല.*

7.മാർഗ്ഗരേഖ 2.3.2 പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെൻറ് മൂന്നുമാസത്തിലൊരിക്കലെങ്കിലും കൂടി തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും ഈ പ്രോജക്ടിൻെറ നടത്തിപ്പ് സംബന്ധിച്ച വിഷയങ്ങളിൽ യഥാ സമയം തീരുമാനമെടുക്കേണ്ടതുമാണ്.എന്നാൽ2017-18 വർഷത്തിൽ രണ്ടു

തവണ മാത്രമെ (25.8.2017,06.12.2017) പി.എം.സി മീറ്റീംഗ് നടത്തിയിട്ടുള്ളു.

മേല്പറഞ്ഞ അപാകതകൾ ഓഡിറ്റ് എൻക്വയറി മുഖേന(നം.17/01.8.2018) അറിയിച്ചിട്ടുണ്ട്.ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ആരോഗ്യവിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 വിനിയോഗ വിവരം ലഭിച്ചിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് തനത് ഫണ്ട്/പ്ലാൻഫണ്ടിൽനിന്നും തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തിയതി വരെയും ടി സ്ഥാപനങ്ങളിൽനിന്നും വിനിയോഗവിവരമോ തുക കൈപ്പറ്റിയതിനുള്ള രശിതിയോ ലഭിച്ചിട്ടില്ല.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | വൗച്ചർ/ബിൽ നമ്പർ | തുക | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 209/18 PMAYവിഹിതം ബ്ലോക്ക് പഞ്ചായത്തിന് നല്കിയത് | ബിൽ 3/17-18 dt. 31.7.17 | 4,50,000 പ്ലാൻ ഫണ്ട് | തുക കൈപ്പറ്റിയതിനുള്ള രശീതി ലഭ്യമല്ല |
| 2 | 98/18മാലിന്യസംസ്കരണം ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 15/17-18 dt. 23.10.17 | 5,00,000 പ്ലാൻ ഫണ്ട് | -ടി- വിനിയോഗവിവരം ലഭ്യമല്ല |
| 3 | 49/18ഐ.കെ.എം വിഹിതം അടവാക്കിയത് | 2/17-18 dt. 31.7.17 | 98,075 പ്ലാൻ ഫണ്ട് | -ടി- |
| 4 | 92/18PMAY വിഹിതം(ജനറൽ) ബ്ലോക്ക് പഞ്ചായത്തിന് നല്കിയത് | 16/17-18 dt. 31.10.17 | 4,00,000 പ്ലാൻ ഫണ്ട് | -ടി- |
| 5 | 278/18തയ്യിലക്കടവ് റോഡിൽ പാലത്തിങ്ങൽ കടത്തോടിന് കുറുകെ വി.സി.ബി കം ബ്രിഡ്ജ് നിർമ്മാണം മണ്ണ് പരിശോധനക്ക് മുൻകൂർ തൃശൂർ സി.എഫ്.സി പ്രസിഡന്റിന് നല്കിയത് | 21700689/ 14.12.17 | 1,00,000 തനത് ഫണ്ട് | വിനിയോഗവിവരം ലഭ്യമല്ല |
| | ആകെ | | 15,48,075 | |

ഓഡിറ്റ് എൻക്വയറി നമ്പർ 11/30.07.2018 പ്രകാരം ലഭിച്ച മറുപടിയിൽ വിനിയോഗ സർട്ടിഫിക്കറ്റ് ലഭിക്കുന്നമുറക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അതുവരെ ചെലവഴിച്ച തുക തടസത്തിൽവെക്കുന്നു.

## 3-6 ടാക്സ് ഇൻവോയ്സ് ഹാജരാക്കിയില്ല

09.08.2017ലെ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ 2986/2017/KSMMPM നിർദ്ദേശമനുസരിച്ച് മുന്നിയൂർ ഗ്രാമപഞ്ചായത്ത് സി.ഡി.എസിന് ഒരു കമ്പ്യൂട്ടറും ഒരു ഡോങ്കിളും വാങ്ങിയിട്ടുണ്ട്. ക്വട്ടേഷൻ മാനദണ്ഡപ്രകാരം ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ സൈപ്രസ് കമ്പ്യൂട്ടർ, ചെമ്മാടിന് 26,650/- രൂപ നല്കിയിട്ടുണ്ട്. എന്നാൽ ടി സ്ഥാപനം ഹാജരാക്കിയ 1012/04.10.2017, 1013/10.10.2017 എന്നീ ബില്ലുകൾ ടാക്സ് ഇൻവോയ്സ് അല്ലാത്തതിനാൽ

സംസ്ഥാന സർക്കാരിന് ലഭിക്കേണ്ടുന്ന നികുതികൾ ലഭിച്ചിട്ടില്ല എന്ന് കാണുന്നു.

ടാക്സ് ഇൻവോയ്സ് ഹാജരാക്കുകയോ അർഹതപ്പെട്ട നികുതി ഈടാക്കി സംസ്ഥാന സർക്കാരിലേക്ക് അടവാക്കുകയോ ചെയ്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

01.08.2018 തിയതിയിലെ എ8-6267/18 പ്രകാരം ഹാജരാക്കിയ മറുപടിയിൽ സ്ഥാപനത്തിന്റെ ടാക്സ് ഇൻവോയ്സ് ഹാജരാക്കുന്നതിനുള്ള അറിയിപ്പ് നല്കുകയും ആയവ ലഭിക്കുന്നമുറക്ക് ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി_നമ്പർ 15/30.07.2018)

## 3-7 ആശ്രയപദ്ധതി - ക്ഷേമകാര്യസ്റ്റാന്റിംങ് കമ്മിറ്റിയുടെ പ്രവർത്തനം തൃപ്തികരമല്ല

ജി.ഒ(ആർടി)2047/ത.സ്വ.ഭ.വ തിയതി 07.07.2015 പ്രകാരം രണ്ടാംഘട്ട ആശ്രയപദ്ധതിക്ക് (2013-14 മുതൽ 2016-17വരെ) അംഗീകാരം ലഭിച്ചിരുന്നു. എന്നാൽ ഈ പദ്ധതിക്കാലയളവിൽ ഒരു അഗതികുടുംബത്തിനുപോലും സേവനം ലഭിച്ചിട്ടില്ല എന്ന് കാണുന്നു. സമൂഹത്തിലെ അഗതികളായ കുടുംബങ്ങൾക്ക് ഭക്ഷണം, പാർപ്പിടം, വസ്ത്രം, വിദ്യാഭ്യാസം, തൊഴിൽപരിശീലനം, കുടിവെള്ളം, ഭിന്നശേഷിക്കാർക്ക് ആശ്വാസം നല്കൽ, ആരോഗ്യസുരക്ഷ തുടങ്ങിയ പരിചരണപാക്കേജുകൾ എല്ലാ ഗ്രാമപഞ്ചായത്തുകളും ഏറ്റെടുത്ത് നടത്തുന്നതിന് 13-ാം പഞ്ചവത്സരപദ്ധതിയിലെ ആദ്യ വാർഷികപദ്ധതിയിൽ (2017-18) ജി.ഒ(എം.എസ്)72/2017/ത.സ്വ.ഭ.വ തിയതി 29.03.2017 പ്രകാരം സർക്കാർ പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ 2017-18 വർഷത്തെ ആശ്രയപദ്ധതി പ്രവർത്തനങ്ങൾ പരിശോധിച്ചതിൽ ഈ രംഗത്തുള്ള പ്രവർത്തനം കാര്യക്ഷമമല്ല.

31.03.2018 ന് കുടുംബശ്രീയുമായി ബന്ധപ്പെട്ട വിവിധ അക്കൗണ്ടുകളിൽ നീക്കിയിരുപ്പ് തുകയുടെ വിവരങ്ങൾ താഴെപറയുംപ്രകാരമാണ്.

| ക്രമ നമ്പർ | അക്കൗണ്ട് വിവരങ്ങൾ | നീക്കിയിരിപ്പുള്ള തുക | റിമാർക്സ് |
|---|---|---|---|
| 1 | ഭവനശ്രീ 65027 കനറാ ബാങ്ക്, തിരൂരങ്ങാടി | 9,046 | |
| 2 | ക്ളസ്റ്റർ 64627 കനറാ ബാങ്ക്, തിരൂരങ്ങാടി | 15,27,636 | |
| 3 | ജെ.എൽ.ജി 3230 കോ-ഓപ്പറേറ്റീവ് ബാങ്ക്, വെളിമുക്ക് | 23,299 | |
| 4 | ആശ്രയ259കോ-ഓപ്പറേറ്റീവ് ബാങ്ക്, വെളിമുക്ക് | 18,03,019 | |
| 5 | തനത് ഫണ്ട് 351കോ-ഓപ്പറേറ്റീവ് ബാങ്ക്, വെളിമുക്ക് | 2,13,586 | |
| 6 | സ്നേഹനിധി 1030കോ-ഓപ്പറേറ്റീവ് ബാങ്ക്, വെളിമുക്ക് | 2,135 | |
| | സ്നേഹവീട് 1039കോ-ഓപ്പറേറ്റീവ് ബാങ്ക്, വെളിമുക്ക് | 6,77,207 | |
| 7 | എഫ്.എഫ്.സി 911കോ-ഓപ്പറേറ്റീവ് ബാങ്ക്, വെളിമുക്ക് | 2,23,728 | |
| | ആകെ | 44,79,656 | |

കുടുംബശ്രീയുമായി ബന്ധപ്പെട്ട മെച്ചപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കുന്നതിനാവശ്യമായ നടപടികൾ കൈകൊള്ളുകയും വർക്കിങ് ഗ്രൂപ്പുകൾ രൂപീകരിച്ച് അവയുടെ യോഗങ്ങൾ ആവശ്യാനുസരണം വിളിച്ചുചേർക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതും പ്രൊജക്ടുകൾ പൂർണ്ണവും കുറ്റമറ്റതുമാക്കുന്നതിന് വർക്കിങ് ഗ്രൂപ്പുകളുമായി ചർച്ച ചെയ്ത് രൂപരേഖ തയ്യാറാക്കുന്നതും അവ അംഗീകാരത്തിനായി വികസനസ്റ്റാന്റിംങ് കമ്മിറ്റിക്ക് സമർപ്പിക്കുന്നതും ക്ഷേമകാര്യസ്റ്റാന്റിംങ് കമ്മിറ്റിയുടെ ചുമതലയിൽപ്പെടുന്നു. കൂടാതെ പദ്ധതിനടത്തിപ്പിലെ പ്രവർത്തനങ്ങൾ വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ സി.ഡി.എസ് ചെയർപേഴ്സണ് നല്കുന്നതും പ്രസ്തുത

കമ്മിറ്റിയുടെ ചുമതലയിൽപ്പെടുന്നു.

കുടുംബശ്രീയിൽ വിവിധ അക്കൗണ്ടുകളിലായി 31.03.2018 ന് നീക്കിയിരിപ്പുള്ള 44,79,656/- രൂപ സമൂഹത്തിലെ അശരണരായ ഗുണഭോക്താക്കൾക്ക് ലഭിക്കാതെ പോകുന്നത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും സി.ഡി.എസിന്റെയും അലംഭാവമായി വിലയിരുത്തുന്നു. ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ കൈകൊള്ളുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ അനിവാര്യമാണ്.

## 3-8 മെഡിക്കൽ ഓഫീസർ (ആയുർവേദം) മരുന്ന് ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവ്വഹണം നടത്തിയ ആയുർവ്വേദ ആശുപത്രിക്ക് മരുന്നു വാങ്ങുന്നതിന് (പ്രോജക്ട് (നം.S0131/18 )4,35,000/-രൂപ ഔഷധിക്ക് മുൻകൂർ നല്കിയിട്ടുണ്ട്.( ബിൽ നം.1/17-18 തീയതി:23.10.2017:4,35,000/) 4,04,890 രൂപയുടെ മരുന്നുകൾ മാത്രമെ ലഭിച്ചിട്ടുള്ളൂ.30,110/-രൂപയുടെ മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നുണ്ട്.

പ്രസ്തുത അപാകത ഓഡിറ്റ് എൻക്വയറി(3/23.7,2018)മുഖേന അറിയിച്ചിട്ടുണ്ട്.മരുന്നുകൾ ലഭ്യമാകുന്നതു വരെ 30,110/-രൂപ തടസ്സം ചെയ്യുന്നു. മരുന്നുകൾ യഥാസമയം ലഭിക്കുന്നതിന് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-9 പൊതുമരാമത്ത് പ്രൊജക്ടുകളുടെ രൂപീകരണവുംമോണിറ്ററിംഗും - വിലയിരുത്തൽ

ജി.ഒ(എം.എസ്)നം.10/2017 തീയ്യതി 9.1.2017, ജി.ഒ(എം.എസ്)നം .72/2017 തീയ്യതി 29.3.2017 എന്നീ ഉത്തരവുകളിലെ വാർഷിക പദ്ധതി രൂപീകരണവും നിർവ്വഹണവും സംബന്ധിച്ച നിർദ്ദശങ്ങളുടെ വെളിച്ചത്തിൽ 2017-18 ലെ ഗ്രാമ പഞ്ചായത്തിന്റെ പൊതുമരാമ ത്ത് പ്രൊജക്ടുകളുടെ ആസൂത്രണവും നിർവ്വഹണവും മോണിറ്ററിംഗും പരിശോധിച്ചപ്പോൾ കണ്ടെത്തിയ വസ്തുതകൾ താഴെ വിവരിക്കുന്നു.

I പ്രൊജക്ടുകളുടെ ആസൂത്രണത്തിൽ ഗ്രാമ സഭകളുടെ പങ്ക് .

23 വാർഡുകളുള്ള ഗ്രാമ പഞ്ചായത്തിന്റെ ഗ്രാമസഭാതലത്തിലുള്ള ആസൂത്രണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് വാർഡ് നമ്പർ 1,11,19,21 എന്നീ ഗ്രാമ സഭാ മിനുട്സുകളാണ് പരിശോധനക്ക് വിധേയമാക്കിയത്.

5/2017 ൽ ആണ് മേൽപ്പറഞ്ഞ വാർഡുകളിലെ ഗ്രാമ സഭകൾ 2017-18 വർഷത്തെ വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി യോഗം ചേർന്നത്. പ്രസ്തുത യോഗങ്ങളിൽ കരട് പദ്ധതി രേഖയിൽ ഉൾപ്പെട്ട അതത് ഗ്രാമ സഭകളുടെ പരിധിയിൽ വരുന്ന പ്രൊജക്ടുകൾ ഗ്രൂപ്പ് തിരിഞ്ഞ് ചർച്ചക്ക് വിധേയമാക്കി അംഗീകരിക്കുകയാണുണ്ടായത്. ഇതിലുപരി, പ്രാദേശിക ആസൂത്രണത്തിൽ ഗ്രാമ സഭകൾ കാര്യമായ ഒരു പങ്കം വഹിച്ചിട്ടില്ല. 15.3.17 ന് ചേർന്ന പൊതുമരാമത്ത്/ഊർജ്ജ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ പഞ്ചായത്ത് മെമ്പർമാർ 347 പൊതുമരാമത്ത് പ്രൊജക്ടുകൾ പരിഗണനക്ക് സമർപ്പിച്ചിരുന്നു. ഈ പ്രൊജക്ട് നിർദ്ദശങ്ങളാണ് കരട് പദ്ധതി രേഖയിൽ ഉൾപ്പെട്ട പൊതു മരാമത്ത് പ്രൊജക്ടുകൾ എന്ന് അനുമാനിക്കുന്നു. പദ്ധതി രേഖയിൽ ഉൾപ്പെട്ട പ്രൊജക്ട് നിർദ്ദശങ്ങൾ അംഗീകരിക്കുന്നതോടൊപ്പം പുതിയ പ്രൊജക്ടുകൾ നിർദ്ദേശിക്കുന്നതായി ഗ്രാമ സഭാ മിനുട്സുകളിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, പുതിയ പ്രൊജക്ടുകൾ പ്രത്യേകമായി രേഖപ്പെടുത്തുകയോ, നിർദ്ദേശിക്കപ്പെട്ടവയിൽ ഭേദഗതികൾ നിർദ്ദേശിക്കുകയോ, ചെയ്തതിന്റെ വിവരങ്ങൾ മിനുട്സിൽ ഇല്ല.

1,11,19,21 വാർഡുകളിലെ അംഗങ്ങളുടെ എണ്ണവും ഗ്രാമ സഭായോഗങ്ങളിലെ ക്വാറവും യഥാക്രമം 1895-190,1709-171,1489-149,1535-154 ആണ്. ഈ വാർഡുകളിലെ പദ്ധതി രൂപീകരണ ഗ്രാമ സഭാ യോഗങ്ങളിൽ യഥാക്രമം 193,176,149,154 അംഗങ്ങൾ മാത്രമാണ് പങ്കെടുത്തിട്ടുള്ളത്. പദ്ധതി രൂപീകരണത്തിൽ ജന പങ്കാളിത്തം കുറവാണെന്ന് ഇതിൽ നിന്നും വ്യക്തമാണ്.

II പൊതു മരാമത്ത്/ഊർജ്ജ വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം

ഗ്രാമ പഞ്ചായത്തുകളിലെ ആസൂത്രണ സമിതിയായാണ് വർക്കിംഗ് ഗ്രൂപ്പുകളെ കണക്കാക്കുന്നത്. അതുപോലെ പ്രൊജക്ടുകളുടെ നിർവ്വഹണത്തിന്റെ ആരംഭം മുതൽ അവസാനം വരെ ആയത് മോണിറ്ററിംഗ് നടത്തേണ്ട ചുമതലയും ഈ സമിതികൾക്കുണ്ട്.

ആസൂത്രണ പ്രക്രിയയുടെ അടിസ്ഥാന ശില ഓരോ വർക്കിംഗ് ഗ്രൂപ്പും തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ട് ആണ്. സ്റ്റാറ്റസ് റിപ്പോർട്ടിലെ ഭാഗം 2 തയ്യാറാക്കുന്നത് മുൻ വർഷങ്ങളിൽ നടപ്പാക്കിയ പ്രൊജക്ടുകളുടെ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തി ഭാവിയിൽ നടപ്പാക്കുന്ന പ്രൊജക്ടുകൾ എപ്രകാരമായിരിക്കണം എന്ന് വ്യക്തമായ ധാരണ ലഭിക്കുന്നതിനാണ്. 2015-16 വരെ നടപ്പാക്കിയ ബഹു ഭൂരിഭാഗം പ്രൊജക്ടുകളും 100% ലക്ഷ്യം കൈവരിച്ചതായാണ് ഗ്രാമ പഞ്ചായത്തിലെ പൊതുമരാമത്ത്/ഊർജ്ജമേഖലയിലെ സ്റ്റാറ്റസ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്. അതുപോലെ, സ്റ്റാറ്റസ് റിപ്പോർട്ടിൽ നിർവ്വഹണം പൂർത്തിയായിട്ടില്ല എന്ന് രേഖപ്പെടുത്തിയ 2016-17 ലെ പ്രൊജക്ടുകളും 250% വരെ ലക്ഷ്യം കൈവരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. മുൻ പ്രൊജക്ടുകൾ ശരിയായി വിലയിരുത്തപ്പെട്ടിട്ടില്ല എന്നാണ് ഇത് കാണിക്കുന്നത്. പുതിയ പ്രൊജക്ടുകളുടെ ആസൂത്രണത്തെ ഇത് ദോഷകരമായി ബാധിക്കുമെന്നതിന് സംശയമില്ല.

ആസൂത്രണ മാർഗ്ഗരേഖ പ്രകാരം പ്രൊജക്ട് നിർവ്വഹണത്തിന്റെ ആരംഭം മുതൽ അവസാനം വരെ തുടർച്ചയായി മോണിറ്ററിംഗ് നടത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ 2017-18 വർഷം നിർവ്വഹണം നടത്തിയ പൊതു മരാമത്ത് പ്രൊജക്ടുകളിൽ ഒന്നുപോലും വർക്കിംഗ് കമ്മിറ്റി മോണിറ്ററിംഗിന് വിധേയമാക്കിയിട്ടില്ല. പ്രൊജക്ടുകൾ തുടർച്ചയായി മോണിറ്ററിംഗിന് വിധേയമാക്കാൻ ചുമതലപ്പെട്ട വർക്കിംഗ് കമ്മിറ്റി 31.5.2017 ന് ശേഷം 30.1.18 ന് മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്.

III <u>പഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ടിട്ടില്ല</u>

പശ്ചാത്തല മേഖലയിലെ പ്രൊജക്ടുകൾ തയ്യാറാക്കുമ്പോൾ പഞ്ചായത്തിനെ ഒരു യൂണിറ്റായി കണക്കാക്കണമെന്നും, പ്രൊജക്ടുകളെ വാർഡുകൾക്കിടയിൽ വീതം വയ്ക്കുന്നത് ഒഴിവാക്കണമെന്നും ആസൂത്രണ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2017-18 വാർഷിക പദ്ധതിയിൽ ആസൂത്രണം ചെയ്ത് നിർവ്വഹിക്കപ്പെട്ട പ്രൊജക്ടുകൾ ഈ നിർദ്ദേശം ഉൾക്കൊണ്ടല്ല തയ്യാറാക്കപ്പെട്ടത്. റോഡിതര പ്രൊജക്ടുകളും, പൊതു ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളും, വലിയ അടങ്കലുള്ള പ്രൊജക്ടുകളും തൻവർഷം ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുണ്ടെങ്കിലും, മരാമത്ത് പ്രവൃത്തികളുടെ വർദ്ധിച്ച എണ്ണം, (സ്പിൽ ഓവർ ഉൾപ്പെടെ 152 എണ്ണം) ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്.

IV <u>സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം</u>

16.5.17 ലെ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ ഗ്രാമ സഭകളിൽ നിന്നും വന്ന പ്രൊജക്ട് നിർദ്ദേശങ്ങൾ വിശദമായി ചർച്ചക്ക് വിധേയമാക്കിയിട്ടുണ്ട്. എന്നാൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയതിൽ വർക്കിംഗ് ഗ്രൂപ്പിന് സംഭവിച്ച വീഴ്ച സ്റ്റാന്റിംഗ് കമ്മിറ്റി മീറ്റിംഗിൽ ചർച്ചചെയ്യുകയോ കുറ്റമറ്റ രീതിയിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കേണ്ടതിന്റെ ആവശ്യകത വിലയിരുത്തുകയോ ചെയ്തിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ കൺവ്വീനർമാർ അതത് മേഖലകളിലെ നിർവ്വഹണ ഉദ്യോഗസ്ഥരാകുമെന്നതിനാൽ, പ്രൊജക്ടുകളുടെ മോണിറ്ററിംഗ് സമയത്ത് വർക്കിംഗ് ഗ്രൂപ്പിൽ നിന്നുള്ള മറ്റൊരു അംഗത്തെ കൺവ്വീനർ ആയി നിയമിക്കണമെന്ന് ആസൂത്രണ മാർഗ്ഗ നിർദ്ദേശത്തിൽ പറഞ്ഞിട്ടുണ്ട്. ഇപ്രകാരം താല്ക്കാലിക കൺവ്വീനർമാരെ നിയമിക്കേണ്ടത് അതത് സ്റ്റാന്റിംഗ് കമ്മിറ്റികളാണ്. എന്നാൽ പൊതു മരാമത്ത്/ഊർജ്ജ വർക്കിംഗ് ഗ്രൂപ്പിന് ഇപ്രകാരം താല്ക്കാലിക കൺവ്വീനറെ നിയമിച്ചിട്ടില്ല. മരാമത്ത് പ്രൊജക്ടുകൾ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്യാത്തത് സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ ചർച്ച ചെയ്തിട്ടില്ല, വേണ്ട നിർദ്ദേശം നൽകിയിട്ടുമില്ല. 27.8.17 മുതൽ 6.3.18 വരെ ചേർന്ന (ഉൾപ്പെടെ) എട്ട് സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിലും വാർഷിക പദ്ധതി നിർവ്വഹണത്തിലെ പുരോഗതി വിലയിരുത്തിയതായി മിനട്സ് രേഖപ്പെടുത്തിയിട്ടുണ്ട്. 6.1.18 ലെ യോഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ പങ്കെടുത്ത് പ്രൊജക്ട് നിർവ്വഹണത്തിലെ പുരോഗതി വിശദീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ഇല്ല.

മേൽ വസ്തുതകൾ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 3-10 <u>കളിയാട്ടു മുക്ക്-കുന്നത്ത് പറമ്പ് റോഡ് - യോജ്യമായ നിർവ്വഹണ രീതി തെരഞ്ഞെടുക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം വന്നു.</u>

പ്രൊജക്ട് നം : 29/18

അടങ്കൽ : 4.9 ലക്ഷം

കരാർ നം : 6/17-18/AE/MNR തീയ്യതി.19.10.17

കൺവ്വീനർ : ജൈസൽ.ടി

2016-17 ൽ പ്രൊജക്റ്റ് നമ്പർ 179/17 ആയി ആവിഷ്ക്കരിച്ച് 2017-18 ൽ സ്പിൽ ഓവറായി തുടർന്ന ഈ പ്രൊജക്റ്റ് 209 മീറ്റർ നീളത്തിൽ ബിറ്റുമിൻ റോഡ് നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിട്ടത്. ടി.എസ്.നം.79745/16-17 ആയി സാങ്കേതിക അനുമതി ലഭിച്ച പ്രൊജക്റ്റിന്റെ നിർവ്വഹണം ഗുണഭോക്തൃ സമിതി മുഖേനെയാണ് നിശ്ചയിച്ചത്. ബിറ്റുമിൻ റോഡ് നിർമ്മിക്കുന്ന പ്രവൃത്തിക്ക് വേണ്ട ഉപകരണങ്ങളും, സാങ്കേതിക വൈദഗ്ദ്യമുള്ള തൊഴിലാളികളെയും സംഘടിപ്പിക്കുക എന്നത് ഗുണഭോക്തൃ സമിതികളെ സംബന്ധിച്ച് വളരെ പ്രയാസകരമായ ജോലിയാണ്. ബിറ്റുമിൻ റോഡ് നിർമ്മാണ പ്രൊജക്റ്റുകൾ ഏറ്റെടുക്കാൻ കരാറുകാർ പൊതുവെ വിമുഖത കാണിക്കുന്ന ഇപ്പോഴത്തെ സാഹചര്യത്തിൽ, പ്രവൃത്തി നിർവ്വഹണം ഗുണഭോകതൃ സമിതിയെ ഏല്പിച്ച തീരുമാനം പഞ്ചായത്തിന്റെ സാമ്പത്തിക താല്പര്യത്തിന് ദോഷകരമായിരുന്നില്ല . എന്നാൽ പഞ്ചായത്ത് തീരുമാനം നമ്പർ 3(4)/18.9.17 പ്രകാരം, ഈ പ്രൊജക്റ്റിന്റെ എസ്റ്റിമേറ്റ് അടങ്കലിൽ മാറ്റമില്ലാതെ റിവൈസ് ചെയ്യുന്നതിനും, ബിറ്റുമിനു പകരം കോൺക്രീറ്റ് റോഡ് നിർമ്മിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. ഇപ്രകാരം നിർമ്മാണ രീതിയിൽ മാറ്റം വരുത്തുന്നതിന് കാരണമൊന്നും പ്രസ്തുത തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, നിലവിലുള്ള എസ്റ്റിമേറ്റിലെ ആറ് ഇനങ്ങളും ഒഴിവാക്കി, 101 മീറ്റർ നീളത്തിൽ കോൺക്രീറ്റ് റോഡ് നിർമ്മിക്കുന്നതിനുള്ള 3ഇനങ്ങൾ ഉൾപ്പെടുത്തി, പ്രൊജക്റ്റിന് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും അംഗീകാരം വാങ്ങുകയും ചെയ്തു. തുടർന്ന്, 30.10.17 ന് കരാർ ഒപ്പുവച്ച ഗുണഭോക്തൃ സമിതി , 25.11.17 ന് പ്രവൃത്തി പൂർത്തിയാക്കുകയും, വൗച്ചർ നമ്പർ 16/19.12.17 പ്രകാരം 487670/- രൂപ പ്രതിഫലം കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് തൻവർഷം ആവിഷ്ക്കരിച്ച, കോൺക്രീറ്റ് റോഡ് നിർമ്മിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ടെണ്ടർ ചെയ്തപ്പോൾ 20% മുതൽ 31%വരെ ടെണ്ടർ കുറവ് ലഭിച്ചിട്ടുണ്ട് (ഉദാഹരണത്തിന് ടെണ്ടർ നോട്ടീസ് നമ്പർ A.E/E.Tender/13.9.17 പ്രകാരം ടെണ്ടർ ചെയ്ത 5 ലക്ഷം രൂപ അടങ്കലുള്ള മള്ളേവളപ്പിൽ റോഡ് കോൺക്രീറ്റിംഗ് എന്ന പ്രൊജക്റ്റ് 21.25% കുറവിൽ 393715.06 രൂപക്കാണ് കരാർ നൽകിയിട്ടുള്ളത്.ടെണ്ടർ നോട്ടീസ് നമ്പർ A.E/Tender/1/17-18 പ്രകാരം ടെണ്ടർ ചെയ്ത 3 ലക്ഷം രൂപ അടങ്കലുള്ള തറയംക്കണ്ടം റോഡ് കോൺക്രീറ്റിംഗ് എന്ന പ്രജക്റ്റ് 31% കുറവിനാണ് കരാർ നൽകിയിട്ടുള്ളത് ). ആയതിനാൽ, ഈ പ്രൊജക്റ്റ് ഗുണഭോക്തൃ സമിതിക്ക് പകരം കരാറടിസ്ഥാനത്തിൽ നിർവ്വഹണം നടത്തിയിരുന്നുവെങ്കിൽ നല്ലൊരു തുക പഞ്ചായത്തിന് ലാഭിക്കാനാകുമായിരുന്നു. എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നത് വരെ ഗുണഭോക്തൃ സമിതി കരാർ ഒപ്പു വയ്ക്കാതിരുന്ന സാഹചര്യത്തിൽ, പ്രൊജക്റ്റിൽ ആവശ്യമായ ഭേദഗതി കൊണ്ടുവന്ന് നിർവ്വഹണം കരാർ മുഖേനെയാക്കുന്നതിന് സാധ്യമായിരുന്നു എന്ന് കാണുന്നു.

ഗുണഭോക്തൃ സമിതി സമർപ്പിച്ച ചെലവ് കണക്ക് പ്രകാരം 500764 രൂപ പ്രൊജക്റ്റ് നിർവ്വഹണത്തിന് ചെലവഴിച്ചിട്ടുണ്ട് (ഈ കണക്ക് അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ചിട്ടില്ല). ഒരു കരാറുകാരന് ഈ പ്രൊജക്റ്റിന് സമാനമായ മറ്റൊരു പ്രൊജക്റ്റ് 4 ലക്ഷത്തിലും കുറഞ്ഞ തുകക്ക് നിർവ്വഹിക്കാനായിട്ടുണ്ട് എന്നതിന്റെ അടിസ്ഥനത്തിൽ, ഗുണഭോക്തൃ സമിതി സമർപ്പിച്ച നിർവ്വഹണച്ചെലവ് കണക്ക് വസ്തുതാപരമല്ല എന്ന് വിലയിരുത്തുന്നു. ആയതിനാൽ ഈ വിഷയത്തിൽ ഉചിതമായ അന്വേഷണം നടത്തി ഗ്രാമ പഞ്ചായത്തിന്റെ സാമ്പത്തിക താല്പര്യം സംരക്ഷിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഈ വിഷയം ഉന്നയിച്ച് നൽകിയ 13/30.7.2018നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ കോൺട്രാക്ടറുടെ ലാഭ വിഹിതം ചേർക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ ഈ പ്രൊജക്റ്റ് ഗുണഭോക്തൃ സമിതി മുഖേനെ നിർവ്വഹിക്കുകയും യഥാർത്ഥത്തിൽ ഗ്രാമ പഞ്ചായത്തിന് 40000.00 ൽ അധികം രൂപ ലാഭമാണ് ഉണ്ടായിട്ടുള്ളതെന്നും, ടെണ്ടർ ചെയ്തിരുന്നുവെങ്കിൽ ടെണ്ടർ കുറവ് ലഭിക്കുന്നമെന്ന കാര്യത്തിൽ ഉറപ്പില്ലെന്നുമാണ് അസിസ്റ്റന്റ് എഞ്ചിനീയർ പറഞ്ഞിട്ടുള്ളത്. ഈ പ്രൊജക്റ്റിന്റെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ തീരുമാനിച്ചത് 18.9.17 നാണ്. 13.9.17 ലെ മേൽപ്പറഞ്ഞ ടെണ്ടർ നോട്ടീസ് പ്രകാരം ടെണ്ടർ ചെയ്ത പ്രൊജക്റ്റുകൾക്ക് 20% ൽ അധികം ടെണ്ടർ കുറവ് ലഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ മറുപടി സ്വീകാര്യമല്ല. പഞ്ചായത്ത് ഫണ്ട് കാര്യക്ഷമമായി ഉപയോഗികക്കുന്നു എന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളും ഭരണ സമിതിയും ഉറപ്പു വരുത്തേണ്ടതാണ്.

## 3-11 തയ്യിലക്കടവ് അങ്കണവാടി നിർമ്മാണം - പ്രവൃത്തി സ്ഥലം കൈമാറുന്നതിൽ കാലതാമസം വന്നു.

പ്രൊജക്റ്റ് നം : 52/18

അടങ്കൽ : 10 ലക്ഷം

കരാർ നം : 37/17-18/AE/MNR തീയ്യതി.30.10.17

ചെലവ് : വൗച്ചർ നമ്പർ 60/18.3.18 100733.00 (ഒന്നാം പാർട് ബിൽ)

-ടി- 69/19.3.18 370000.00 (ടി)

ഈ പ്രൊജക്റ്റിന്റെ ടെണ്ടർ 13.9.2017 ന് തുറന്ന്, ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.സാജിദ്.പി എന്ന കരാറുകാരന്റെ ടെണ്ടർ പഞ്ചായത്ത് തീരുമാനം നമ്പർ 6(1)/13.10.17 പ്രകാരം അംഗീകരിക്കുകയും, 30.10.17 ന് മേൽപ്പറഞ്ഞ പ്രകാരം കരാർ ഒപ്പു വയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ PWD മാന്വൽ അപ്പൻഡിക്സ് നം.XVI(a)നമ്പർ പ്രൊഫോർമയിൽ തയ്യാറാക്കിയ പ്രവൃത്തി സ്ഥലം കൈമാറിക്കൊണ്ടുള്ള കത്ത് പ്രകാരം 11.1.18 ന് മാത്രമാണ് കരാറുകാരന് പ്രവൃത്തി സ്ഥലം കൈമാറിയിട്ടുള്ളത് (ഈ പ്രവൃത്തിയുടെ അളവ് പുസ്തകം, നം.56/17-18, പരിശോധിച്ചതിൽ എസ്റ്റിമേറ്റിലെ ആദ്യ ഇനമായ ട്രഞ്ചിംഗ് പ്രവൃത്തിയുടെ അളവെടുത്തിട്ടുള്ളത് 15.1.2018 ന് ആണ്). ഇതിൽ നിന്നും, കരാർ ഒപ്പു വച്ചതിന് ശേഷം പ്രവൃത്തി സ്ഥലം കൈമാറുന്നതിന് രണ്ട് മാസത്തിൽ കൂടുതൽ കാലതാമസം നേരിട്ടുണ്ട് എന്ന് വ്യക്തമാണ്. ഇത് സംബന്ധിച്ച അന്വേഷണത്തിന് പ്രവൃത്തി സ്ഥലത്ത് നിലവിലുണ്ടായിരുന്ന പഴയ അങ്കണവാടി പൊളിച്ചുമാറ്റുന്നതിലുണ്ടായ കാലതാമസം മൂലമാണ് ഇപ്രകാരം കാലതാമസം നേരിട്ടതെന്ന് വിശദീകരിക്കുകയും, പഴയ അങ്കണവാടി പൊളിച്ചുമാറ്റുന്നതിന് തയ്യാറാക്കിയ സർവ്വെ റിപ്പോർട്ടും പ്രസ്തുത പ്രവൃത്തി പൊതു ലേലം ചെയ്തതിന്റെ രേഖകളും ഹാജരാക്കുകയുണ്ടായി. ആയത് പരിശോധിച്ചതിൽ, പഴയ അങ്കണവാടി പൊളിച്ചു മാറ്റുന്നതിനുള്ള പൊതു ലേലം 3.3.2017 നാണ് നടത്തിയതെന്നും, പ്രസ്തുത പ്രവൃത്തി ലേലത്തിൽ എടുത്തത് പുതിയ അങ്കണവാടി നിർമ്മിക്കുന്നതിന് കരാറെടുത്ത ശ്രീ.സാജിദ്.പി തന്നെയാണെന്നും കാണുകയുണ്ടായി. 3.3.2017 ന് ലേലം എടുത്ത ശേഷം പുതിയ പ്രൊജക്റ്റ് നിർവ്വഹണത്തിനുള്ള കരാർ ഒപ്പു വയ്ക്കുന്നത് വരെ ഏഴ് മാസത്തോളം സമയം പഴയ അങ്കണവാടി പൊളിച്ച് മാറ്റുന്നതിന് ലഭിച്ച സാഹചര്യത്തിൽ മേൽപ്പറഞ്ഞ വിശദീകരണം സ്വീകര്യമല്ല. രണ്ട് പ്രവൃത്തികളുടെയും കരാർ എടുത്തത് ഒരേ കരാറുകാരൻ തന്നെ ആയതിനാൽ പ്രവൃത്തി സ്ഥലം കൈമാറുന്നതിൽ കാലതാമസം വന്നതിന് ഉത്തരവാദി കരാറുകാരൻ തന്നെയാണെന്ന് . ഈ സാഹചര്യത്തിൽ 11.11.2017 മുതൽ തന്നെ പ്രവൃത്തി സ്ഥലം ഏറ്റെടുത്തതായി കണക്കാക്കി, കരാർ വ്യവസ്ഥയനുസരിച്ചുള്ള കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത പക്ഷം, ഫൈനൽ ബിൽ നൽകുന്ന വേളയിൽ, ചട്ടപ്രകാരമുള്ള തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ 7/28.7.2018 നമ്പർ എൻക്വയറിക്കുള്ള മറുപടിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഓഡിറ്റ് നിർദ്ദേശം അനുസരിച്ച് പ്രവർത്തിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. പ്രവർത്തിയുടെ തുടർ നടപടി റിപ്പോർട്ട് ചെയ്യേണ്ടതാണ്. വികസനക്ഷേമ സ്റ്റാന്റിംഗ് കമ്മിറ്റികൾ പ്രൊജക്റ്റുകളുടെ നിർവ്വഹണം റിവ്യൂ ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നതാണ് ഇത്തരം അപാകതകൾക്ക് അടിസ്ഥാനം എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 3-12 ഓഡിറ്റ് പരാമർശത്തെ തുടർന്ന് 45074.00 രൂപ തിരിച്ചടച്ചു

താഴെ പറയുന്ന പ്രൊജക്റ്റുകളുടെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചതിനെ തുടർന്ന് പ്രസ്തുത അപാകതകൾ പരിഹരിക്കുകയും, അധികം നൽകിയ രൂപ തിരിച്ചടക്കുകയും ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | പ്രൊജക്റ്റിന്റെ വിവരം | അപാകത,ഓഡിറ്റ് എൻക്വയറി നം. | തിരിച്ചടച്ച തുക, രസീത് നമ്പർ /തീയ്യതി |
|---|---|---|---|
| 1 | ക്ലൂഫ അങ്കണവാടി പുനർ നിർമ്മാണം<br>പ്രൊജക്റ്റ് നം : 242/18<br>അടങ്കൽ : 12 ലക്ഷം<br>കരാർ നം : 68/16-17 /AE/MNR തീയ്യതി.20.2.17<br>എംബുക്ക് നം: 289/16-17, | കരാറുകാരന് സേവന നികുതി രണ്ട് തവണ നൽകി.<br>ഓഡിറ്റ് എൻക്വയറി നം. 6 /28.7.2018 | 20020.00 രൂപ രസീത് നം. 118020103754/ 30.07.2018 |

| | | | |
|---|---|---|---|
| | 290/16-17<br>ഫൈനൽ<br>വൗച്ചർ നമ്പർ, തീയ്യതി: 48/22.2.2018 406834.00 രൂപ<br>.49/22 2.2018 21222.00 രൂപ | | |
| 2 | തെക്കേപ്പാടം ശിഹാബ് തങ്ങൾ റോഡ്<br>പ്രൊജക്റ്റ് നം : 238/18<br>അടങ്കൽ : 498000.00<br>കരാർ നം : 5/16-17 /AE/MNR തീയ്യതി.31.7.2018<br>എംബുക്ക് നം: 1/17-18<br>ചെലവ് : 498000.00 ബിൽ നം.14/16.1.18 | തെറ്റായ സ്പെസിഫിക്കേഷൻ മൂലം അധികച്ചെലവ്<br>ഓഡിറ്റ് എൻക്വയറി നം. 8/27.7.2018 | 5474.00 രൂപ രസീത് നം. 118020103755/ 30.07.2018 |
| 3 | പരപ്പിലാക്കൽ അങ്കണവാടി നിർമ്മാണം<br>പ്രൊജക്റ്റ് നം : 239/18<br>അടങ്കൽ : 15 ലക്ഷം<br>കരാർ നം : 40/16-17 /AE/MNR തീയ്യതി.20.2.16<br>എംബുക്ക് നം: 250,251,292,293/16-17<br>വൗച്ചർ നമ്പർ, തീയ്യതി<br>85/31.3.2018 (ഫൈനൽ ബിൽ) 465778.00 രൂപ | ക്വാട്ട് ചെയ്ത തുകയിലും അധികരിച്ച് പ്രതിഫലം നൽകി<br>ഓഡിറ്റ് എൻക്വയറി നം. 9/27.7.2018 | 19580.00 രൂപ രസീത് നം. 118020103800/ 30.07.2018 |
| | ആകെ | | 45074.00 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേരും നമ്പരും | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 382500 | Proj.189/18സമഗ്രനെൽകൃഷി വികസനം | 382500 | -- |

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 382500 | -do- | 382500 | -- |
| ബ്ലോക്ക് പഞ്ചായത്ത് | 42000 | Proj.190/18സമഗ്ര പച്ചക്കറി വികസനം | 42000 | -- |
| ബ്ലോക്ക് പഞ്ചായത്ത് | 1500000 | Proj.156/18എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി | 100000 | 1400000 |
| ബ്ലോക്ക് പഞ്ചായത്ത് | 50000 | Proj.217/18പാലുൽപ്പാദന സബ്സിഡി | 50000 | -- |
| ജില്ലാ പഞ്ചായത്ത് | 537500 | Proj.197/18ഭിന്നശേഷി സ്കോളർഷിപ്പ് | 536000 | 1500 |
| ബ്ലോക്ക് പഞ്ചായത്ത് | 537500 | -do- | 537500 | -- |
| ബ്ലോക്ക് പഞ്ചായത്ത് | 500000 | Proj.52/18തയ്യിലക്കടവ് അംഗനവാടി നിർമ്മാണം | 100733 | 399267 |
| ബ്ലോക്ക് പഞ്ചായത്ത് | 500000 | Proj.53/18പുത്തൂർക്കടവ് അംഗനവാടി നിർമ്മാണം | -- | 500000 |
| ബ്ലോക്ക് പഞ്ചായത്ത് | 350000 | Proj.220/18കണ്ണംമൂച്ചിചിറ വി.സി.ബി റിപ്പയർ | -- | 350000 |
| ബ്ലോക്ക് പഞ്ചായത്ത് | 1500000 | Proj.223/18കുമ്മത്തൊടി തടയണനിർമ്മാണം | -- | 1500000 |
| ബ്ലോക്ക് പഞ്ചായത്ത് | 540000 | Proj.287/18കുന്നത്ത്പറമ്പ് സ്കൂൾ ടോയിലറ്റ് നിർമ്മാണം | -- | 540000 |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | Proj.59/18 പരിരക്ഷ പാലിയേറ്റീവ് കെയർ | | 100000 |
| ബ്ലോക്ക് പഞ്ചായത്ത് | 250000 | Proj.221/18 കടുവാച്ചിറ UCB റിപ്പയർ | | 250000 |
| ബ്ലോക്ക് പഞ്ചായത്ത് | 400000 | Proj.222/18 തവളക്കുഴി UCB റിപ്പയർ | | 400000 |
| ബ്ലോക്ക് പഞ്ചായത്ത് | 50000 | Proj.195/18 പത്താം തരം, +1 തുല്യതാ പരീക്ഷ ഫീസ് അടവാക്കൽ | | 50000 |
| ബ്ലോക്ക് പഞ്ചായത്ത് | 540000 | Proj.288/18എ.യു.പി.എസ് കളത്തിങ്ങൽപ്പാറ | -- | 540000 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ വായ്പ/തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപം

എ) സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 2,14,75,857 |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക | 11,68,057(പലിശ വരവ്) |
| ആകെ | 2,26,43,914 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2,26,43,914 |

ബി) വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിശദവിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നമ്പർ |
|---|---|---|
| തിരൂരങ്ങാടി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 443457 | 23046/10.06.2017 |
| -do- | 151311 | 2331/27.04.2013 |
| -do- | 603562 | 8499/17.01.2011 |
| -do- | 1178751 | 9806/17.11.2011 |
| വെളിമുക്ക് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 4141525 | 2475/13.01.2012 |
| -do- | 2636895 | 2167/01.08.2011 |
| -do- | 3629420 | 2986/28.09.2012 |
| -do- | 1757931 | 2168/01.08.2011 |
| -do- | 8101062 | 2166/01.08.2011 |
| | 22643914 | |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം, ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1999-2002 ഖണ്ഡിക 18 | 2004-05 ഖണ്ഡിക 3.10.1.7 | പദ്ധതിപ്പണം നിക്ഷേപമായി കുടിവെള്ളമെത്തിയില്ല | നിയമസഭാസമിതി നാളിതുവരെ പരിഗണനക്കെടുത്തിട്ടില്ല |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

| സ്ഥാപനം | ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | ചാർജ്ജ് സർചാർജ്ജ വിവരം | തുക | ഈടാക്കിയത് | അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| മുന്നിയൂർ ഗ്രാമപഞ്ചായത്ത് | 2007-08 | 3-1 | പി.ചന്ദ്രശേഖരൻ സെക്രട്ടറി | LF8587/sp.cell /SC-D1/ 12/04.12.14 | 5320 | 5320 | -- | Rt. 11402500019/ 31.12.14 |
| | | 3-8 | എം.സി ജാഫർഷെരീഫ്, അസി.എഞ്ചിനീയർ | LF6083/spl.Cell /C-D1/12 /21.2.15 | 396748 | -- | 396748 | OP191/15 allowed 14.12.17 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | 2008-09 | 3-12 | കെ.രാധാകൃഷ്ണൻ, എച്ച്.എം | LF6083/spl.cell /SC-D1 /12/20.2.15 | 510058 | -- | 510058 | WP(c)35821/15 stay 26.11.15 |
| | 2011-12 2012-13 | 3-7 | മൈമൂന കെ.ടി, ഐ.സി.ഡി.എസ് സൂപ്പർവൈസർ | LF5819/spl.cell /CSC-D1 /15/14.12.17 | 8637 | 8637 | -- | Rt.11602100076/ 4.4.16 |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ)

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 11,55,03,992.85 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,02,43,919 |
| വരവിനങ്ങളിലെ നഷ്ടം | 1100 |
| ചെലവിനങ്ങളിലുള്ള നഷ്ടം ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | 18,28,085 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-2 | 1100 | ശ്രീമതി ബേബി സരോജം ഡി, സെക്രട്ടറി: |

സി) ഓഡിറ്റിൽ തടസപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 73,500 | ശ്രീ. മോഹൻകുമാർ ടി.വി, ഹെഡ്മാസ്റ്റർ |
| 3-2 | 12,400 | ശ്രീ. മോഹൻകുമാർ ടി.വി, ഹെഡ്മാസ്റ്റർ |
| 3-3 | 1,64,000 | ഡോ.ഈസ അരീക്കാടൻ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-5 | 15,48,075 | ശ്രീമതി ജയശ്രീ, സെക്രട്ടറി: 5,48,075<br>ശ്രീമതി ബേബി സരോജം ഡി, സെക്രട്ടറി: 10,00,000 |
| 3-8 | 30,110 | ഡോ.കെ. സുശീല, മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| ആകെ | 18,28,085 | |

ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീമതി ബേബി സരോജം ഡി, സെക്രട്ടറി | ലഭ്യമല്ല | ഗിരിജാ നിവാസ്, തട്ടാമല (പി.ഒ), കൊല്ലം ജില്ല |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1994-95, 95-96 | എൽ എഫ് എം 11/895/99 തിയ്യതി 26.10.10 | 10 |
| 1996-97 | എൽ എഫ് എം 11/627/02 തിയ്യതി 26.10.10 | 1 |
| 1997-98 | എൽ എഫ് എം 11/628/02 തിയ്യതി 26.10.10 | 9 |
| 1998-99 | എൽ എഫ് എം 11/629/02 തിയ്യതി 26.10.10 | 4 |
| 1999-00 (വരവ്) | എൽ എഫ് എം 17/483/07 തിയ്യതി 26.10.10 | 5 |
| 1999-02 (പദ്ധതി ചെലവ്) | എൽ എഫ് എം 14/878/04 തിയ്യതി 26.10.10 | 25 |
| 2000-01 | എൽ എഫ് എം 17/485/07 തിയ്യതി 26.10.10 | 4 |
| 2001-02 | എൽ എഫ് എം 17/486/07 തിയ്യതി 26.10.10 | 4 |
| 2002-03 | എൽ എഫ് എം 17/944/08 തിയ്യതി 26.10.10 | 6 |
| 2003-04 | എൽ എഫ് എം 17/604/09 തിയ്യതി 26.10.10 | 5 |

| | | |
|---|---|---|
| 2004-05 | എൽ എഫ് എം 17/946/08 തിയ്യതി 26.10.10 | 2 |
| 2005-06 | എൽ എഫ് എം 15/1347/11 തിയ്യതി 28.10.11 | 12 |
| 2006-07 | എൽ എഫ് എം 15/1721/11 തിയ്യതി 22.03.12 | 25 |
| 2007-08 | എൽ എഫ് എം 15/1523/11 തിയ്യതി 14.02.12 | 16 |
| 2008-09 | എൽ എഫ് എം 15/1524/11 തിയ്യതി 21.02.12 | 21 |
| 2009-10,10-11 | എൽ എഫ് എം 15/1750/13 തിയ്യതി 20.11.13 | 22 |
| 2011-12,12-13 | എൽ എഫ് എം 15/263/14 തിയ്യതി 11.06.14 | 19 |
| 2013-14,14-15 | എൽ എഫ് എം 15/777/16 തിയ്യതി 14.05.16 | 26 |
| 2015,16 | നം കെ എസ് എ.എംപിഎം.15/3001/2016 തിയ്യതി: 05.12.2016 | 8 |
| 2016-17 | കെ.എസ്.എ എം.പി.എം 15/1564/2017 20.4.2018 | 27 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം I

## ഓഡിറ്റ് സാക്ഷ്യപത്രം

കെ എസ് എ എം പി എം.15/1724/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം
പിൻ- 676 505 ഫോൺ: 0483-2734951
ഇ-മെയിൽ: dompm.ksad@kerala.gov.in
തീയ്യതി 04/07/2018

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകപ്പ് ,ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മൂന്നിയൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
മലപ്പുറം